**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.400**
**24.01.2018 ൽ മറുപടി നൽകേണ്ടത്**

## സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പ് സർക്കുലർ

**ചോദ്യം**
ശ്രീ. പി. ടി.എ. റഹീം

**ഉത്തരം**
ഡോ.ടി.എം തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ എൻട്രി മാറ്റി വച്ചുകൊണ്ടുള്ള നിർദ്ദേശത്തോടെ ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; | ഉണ്ട്. 25/05/2017 തിയതിയിലെ സർക്കുലർ നമ്പർ 460587/2017/ധന പ്രകാരം പ്രാദേശിക സർക്കാരുകളിലെ ഡേറ്റാ എൻട്രി മാറ്റി വച്ചുകൊണ്ട് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | ആയതിന് ആധാരമായ കാരണമെന്താണെന്ന് വിശദമാക്കാമോ; | 2011 ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ള 41.5 ലക്ഷം പേരാണ് സംസ്ഥാനത്തുള്ളത് . എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്ന് പെൻഷൻ വാങ്ങുന്ന 42.4 ലക്ഷം പേർ സംസ്ഥാനത്ത് ഉണ്ട്. ഇത് പരിശോധനയ്ക്ക് വിധേയമാക്കുന്നതിലേക്കും നിലവിലെ പെൻഷൻ ഗുണഭോക്താക്കളുടെ പരാതികളും പ്രശ്നങ്ങളും |

| | | |
|---|---|---|
| | | പരിഹരിക്കുന്നതിലേക്ക് നടത്തിയ അദാലത്തിന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കുമാണ് ഡേറ്റാ എൻട്രി താൽകാലികമായി മാറ്റി വച്ചത്. |
| (സി) | ഇതു കാരണം അർഹതയുണ്ടായിട്ടും പെൻഷൻ അപേക്ഷകൾ സമർപ്പിച്ച് ആനുകൂല്യം ലഭിക്കാൻ സാധിക്കാതെ സാധാരണക്കാർ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡേറ്റാ എൻട്രി നടത്തുന്നതിനായി സേവന വെബ്ബ് സൈറ്റ് തുറന്നു കൊടുക്കണമെന്ന ആവശ്യമുന്നയിച്ച് കൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ വിഷയം എന്നത്തേക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | പ്രാദേശിക സർക്കാരുകളിൽ ലഭിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിന്മേൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ